**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4194.

26.06.2013-ലെ മറുപടിയ്ക്ക്

**ഈസ്റ്റേൺ കോറിഡോർ എക്കോ-സർക്യൂട്ട് പദ്ധതി.**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഈസ്റ്റേൺ കോറിഡോർ എക്കോ-സർക്യൂട്ട് പദ്ധതിയിൽ എന്തൊക്കെ വികസനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പശ്ചിമഘട്ടത്തിന്റെ താഴ്‌വരയായ വണ്ടൂർ കരുവാരക്കുണ്ട് മുതൽ തുഷാരഗിരി വരെയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയാണ് ഈസ്റ്റേൺ കോറിഡോർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വണ്ടൂർ, നിലമ്പൂർ, ഏറനാട് മേഖലകളിലെ പ്രധാന ടൂറിസം സാധ്യതകൾ ഉള്ള സ്ഥലങ്ങളെ കണ്ടെത്തുകയും അവിടങ്ങളിൽ ടൂറിസ്റ്റുകൾക്കാവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് ആക്ടിവിറ്റികളും ഒരുക്കുക എന്നതുമാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കേരളാംകുണ്ട്, നട്മഗ്‌വാലി, വണ്ടൂർ ററൗൺസ്ക്വയർ, വണ്ടൂർ ചിൽഡ്രൻസ് പാർക്ക്, ആഢ്യൻപാറ വെള്ളച്ചാട്ടം, വാണിയമ്പാറ, ഗേറ്റ്‌വേ ഓഫ് നിലമ്പൂർ, ഉണർവ്വ് പ്രോജക്ട്, റിനോവേഷൻ ഓൾഡ് ടിഎഫ്ഒ ബംഗ്ലാവ്, നിലമ്പൂർ തേക്കിൻ മ്യൂസിയം, കനോലി പ്ലോട്ട്, വഴിക്കടവ് കെട്ടുങ്ങൽ റെസ്പൈറ്റ്, തുഷാരഗിരി വെള്ളച്ചാട്ടം എന്നീ പദ്ധതികൾക്കാണ് ഈസ്റ്റേൺ കോറിഡോർ പദ്ധതിയിൽ പ്രാധാന്യം നൽകുന്നത്. |

(ബി) ഈ മേഖലയിലെ പക്ഷി സങ്കേതങ്ങളെ പ്രസ്തുത പദ്ധതിയുമായി ചേർത്ത് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ പക്ഷി സങ്കേതങ്ങളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

(ബി)യും (സി)യും

മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഈസ്റ്റേൺ കോറിഡോർ പദ്ധതിയുമായി ബന്ധപ്പെടുത്തി പക്ഷി സങ്കേതങ്ങൾ വികസിപ്പിയ്ക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ